**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3564** **05-08-2021 - ൽ മറുപടിയ്ക്ക്**

**കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിലവിലുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലകളുടെ പരിപോഷണത്തിനായി കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുൽപ്പന്ന വികസന കോർപ്പറേഷൻ (കെല്പാം) എന്നീ സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന അതാതു മേഖലകളിലെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിച്ച് വരുന്നു. സർക്കാർ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനമൊരുക്കുക എന്നിവയ്ക്ക് പുറമേ വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിക്കുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയും ചെയ്ത് വരുന്നു. തൊഴിൽ ദിനം വർദ്ധിപ്പിച്ചും, മെച്ചപ്പെട്ട കൂലി ലഭ്യമാക്കിയും തൊഴിലാളി ക്ഷേമം ഉറപ്പ് വരുത്തുന്നതിന് മേൽ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. |
| (ബി) | കുടിൽ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രത്യേകമായ വിപണന സൗകര്യങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രസ്തുത ഉല്പന്നങ്ങളുടെ ഫലപ്രദമായ വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കുമോ; | (ബി) | വിവിധ പദ്ധതികളിലൂടെ ഉൽപ്പന്ന വൈവിധ്യവത്കരണത്തിനും ഫലപ്രദമായ വിപണന വിതരണ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി) എന്നീ സ്ഥാപനങ്ങൾ അവയുടെ ഷോറൂമുകളിലൂടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രസ്തുത ഷോറൂമുകളുടെ |

| | | | |
|---|---|---|---|
| | | | നവീകരണത്തിനു ആവശ്യമായ ഫണ്ടും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ നൽകി വരുന്നു. |
| (സി) | വൻകിട-ചെറുകിട വ്യവസായ സംരംഭകർ കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി അംഗീകരിയ്ക്കാൻ മടി കാണിക്കുന്ന സാഹചര്യത്തിൽ കുടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനതല സ്ഥാപനങ്ങൾ വഴി മേഖലയെ സഹായിക്കുന്നതോടൊപ്പം സർക്കാർ നേരിട്ടും ഇടപെടുന്നുണ്ട്. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പേരിൽ ഒരു പദ്ധതി നടന്നു വരുന്നു. അത് പ്രകാരം കരകൗശല മേഖലയിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 40% തുക, പരമാവധി രണ്ട് ലക്ഷം രൂപ ഗ്രാന്റായി നൽകുന്നു. പട്ടിക ജാതി/ പട്ടിക വർഗ്ഗ/ വനിത സംരംഭകർക്ക് ധന സഹായത്തിന്റെ പരിധി 3 ലക്ഷം രൂപയാണ്. പരമ്പരാഗത/ കരകൗശല ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിന് വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ